LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 21, ബുധൻ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2004 ജനുവരി മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ,.....

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സംയോജനം

*1. [61] ശ്രീ. കെ. കെ. ഷാജു :

,, ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ സംയോജിപ്പിച്ച് ഒരു സ്ഥാപനമാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): (എ-യും ബി-യും) സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ സംയോജിപ്പിച്ച് ഒരു സ്ഥാപനമാക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ഒരു സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം സജീവപരിഗണനയിലാണ്.

ശ്രീ. കെ. കെ. ഷാജു: സർ, സാംസ്കാരിക വകുപ്പിന്റെ കീഴിൽ എന്ന് ഇന്നു പൊതുവെ പറയാമെങ്കിലും സാംസ്കാരിക വകുപ്പിന് അതിന്റെ നടത്തിപ്പിൽ യാതൊരു നിയന്ത്രണവും ഇല്ലാത്ത സാഹിത്യ അക്കാഡമി, സംഗീതനാടക അക്കാഡമി തുടങ്ങിയ കുറെ അക്കാഡമികളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ കുറെ ഇൻസ്റ്റിറ്റ്യൂട്ടുകളും ഒക്കെ അടങ്ങുന്നതാണ് സമിതികൾ. ഈ സമിതികളുടെ നിയന്ത്രണത്തിന് ഗവൺമെന്റ് ഖജനാവിൽനിന്നും കോടിക്കണക്കിനു രൂപ ചെലവഴിക്കുന്നുമുണ്ട്, എങ്കിലും ഗവൺമെന്റിന് ഇവയിൽ യാതൊരു നിയന്ത്രണവും ഇല്ല. ലോക്കൽ ഫണ്ട് ആഡിറ്റ് വന്നതിനുശേഷം ഇവയുടെ ആഡിറ്റിംഗും മറ്റു കാര്യങ്ങളും പരിശോധിച്ചപ്പോൾ വളരെ ഭീമമായിട്ടുള്ള, ക്രമരഹിതമായിട്ടുള്ള, അഴിമതികൾ നിറഞ്ഞ ഒരു സംവിധാനമാണ് ഈ സ്ഥാപനങ്ങളിൽ നടക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലത്ത് ഇവയെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നിശ്ചയിച്ചിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അതു അംഗീകരിക്കുമെന്നും ഇവിടെ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും പറഞ്ഞിരുന്നു. ഈ സ്ഥാപനങ്ങളുടെയെല്ലാം ഇന്നത്തെ കുത്തഴിഞ്ഞ അരാജകാവസ്ഥയ്ക്ക് പരിഹാരം കാണാൻ ഇവയെല്ലാംകൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സംവിധാനം അടിയന്തിരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക കാര്യങ്ങൾക്ക് രൂപംനൽകുന്നതിനുവേണ്ടി സാംസ്കാരിക വകുപ്പുസെക്രട്ടറി ശ്രീ. കെ. ഭരത്ഭൂഷണനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറേറ്റുണ്ടാക്കുന്നതിന് സാങ്കേതികമായ ചില പ്രശ്നങ്ങളുണ്ട്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക സ്ഥാപനങ്ങളിൽ മിക്കതും ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നവയാണ്. ബഹുമാനപ്പെട്ട അംഗം കെ. കെ. ഷാജു പറഞ്ഞതുപോലെ എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം കുത്തഴിഞ്ഞതല്ല, ഇതു നേരെയാക്കാൻ ശ്രമിക്കുന്നുണ്ട്. ഗവൺമെന്റിന് ഇതിൽ നിയന്ത്രണമുണ്ടോ എന്നു ചോദിച്ചാൽ, ഗവൺമെന്റാണ് ഈ സ്ഥാപനങ്ങളിലെ അധികാരികളെ നിശ്ചയിക്കുന്നതും നിയമിക്കുന്നതും. ആവശ്യമില്ലാതെ ഒരു നിയന്ത്രണവും അവിടെ സർക്കാർ ഏർപ്പെടുത്താറില്ല. നിയന്ത്രണമേർപ്പെടുത്തേണ്ട സന്ദർഭങ്ങളിലും അഭിപ്രായം പറയേണ്ട സന്ദർഭങ്ങളിലും അതു പറഞ്ഞപ്പോഴാണ് കേരളത്തിലെ ചില ഇൻസ്റ്റിറ്റ്യൂഷനുകൾ ചില ഭൂകമ്പങ്ങളൊക്കെ ഉണ്ടാക്കിയത്. പക്ഷേ ഇപ്പോൾ അതൊക്കെ കെട്ടടങ്ങി. എന്തായാലും യഥേഷ്ടം പ്രവർത്തിക്കാവുന്ന സാംസ്കാരിക സ്ഥാപനങ്ങളാണെന്നുള്ള അധികാരത്തിൽ ഇരിക്കുന്നവരുടെ സമീപനം ഇപ്പോഴില്ലെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന നികുതിപ്പണംകൊണ്ടാണ് ഈ സ്ഥാപനങ്ങൾ നടത്തിക്കുന്നത്. അതുകൊണ്ട് അത്തരം സമീപനം വന്നാൽ അവയ്ക്കുമേൽ ഗവൺമെന്റിന്റെ പരോക്ഷമായ നിരീക്ഷണവും ആവശ്യമായ സന്ദർഭങ്ങളിൽ നിയന്ത്രണവും ഉണ്ടാകുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു.

<u>ശ്രീ. കെ. കെ. ഷാജു</u> : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇക്കാര്യത്തിൽ താങ്കൾ ചില ഇടപെടലുകളൊക്കെ നടത്തിയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. നമ്മുടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 20 വർഷംകൊണ്ട് സർവ്വ വിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങളും 10 വർഷംകൊണ്ട് സാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളും ഇറക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. ഇതുവരെ സർവ്വവിജ്ഞാനകോശത്തിന്റെ 12 വാല്യം മാത്രമേ ഇറക്കിയിട്ടുള്ളു. ഇപ്പോഴത്തെ കണക്കനുസരിച്ച് സർവ്വവിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങൾ ഇറക്കണമെങ്കിൽ 80 വർഷം വേണ്ടിവരും. അതുപോലെ സാഹിത്യ വിജ്ഞാനകോശത്തിന്റെ നാലു വാല്യം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. ഒരു മാസം 5000 വാക്കുകൾ സംഭാവന ചെയ്യുന്ന ആളുകളെ അവിടെ നിയമിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു വർഷം ആയിരം വാക്കുകൾപോലും സംഭാവന ചെയ്യാൻ കഴിയാതെ വളരെ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്ന, ഇതുമായി യാതൊരു ബന്ധവുമില്ലാത്ത 23 ആളുകളെ എഡിറ്റോറിയൽ ബോർഡിൽ അടക്കം നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സജീവമായ ശ്രദ്ധയും അടിയന്തിരമായ ഇടപെടലുകളും ഉണ്ടാകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർവ്വവിജ്ഞാനകോശം 20 വാല്യങ്ങളും സാഹിത്യ വിജ്ഞാനകോശം 10 വാല്യങ്ങളും പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ സമയബന്ധിതമായി പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നു. ഏതെല്ലാം കാലഘട്ടങ്ങളിൽ എത്ര വാല്യങ്ങൾ വീതം ഇറങ്ങിയിട്ടുണ്ട് എന്നുള്ളതിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലേക്കൊന്നും ഞാൻ പോകുന്നില്ല. കാരണം അത്തരം ചർച്ചകൾ മറ്റു പലതിലേക്കും വഴിതെളിക്കും. ബഹുമാനപ്പെട്ട അംഗം എഡിറ്റോറിയൽ സ്റ്റാഫിന്റെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടെ ആരേയും നിയമിച്ചിട്ടില്ല. മാത്രവുമല്ല 90 ജീവനക്കാരുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 40-ഓളം ജീവനക്കാർ മാത്രമേയുള്ളൂ. അവരെവച്ച് എൻസൈക്ലോപീഡിയ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിപ്പിക്കാൻ പറ്റുമെന്ന് രണ്ടു വർഷമായി ഈ ഗവൺമെന്റ് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ഉണ്ടായിരുന്ന ജീവനക്കാരിൽ പകുതിപ്പേർ മാത്രമേ ഇപ്പോഴുള്ളൂ.

ശ്രീ. ജോണി നെല്ലൂർ : ബഹുമാന്യനായ മന്ത്രി, അദ്ദേഹത്തിന്റെ ഉത്തരത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ സംയോജിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഇല്ലെന്നു പറഞ്ഞു. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഗസറ്റിയേഴ്സ്, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് ഇതിന്റെയെല്ലാം പ്രവർത്തനങ്ങൾ ഏതാണ്ട് സമാനമായിട്ടാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രത്യേകമായി ഡയറക്ടറെ വച്ചുകൊണ്ട് ഭാരിച്ച ഒരു തുക ഗവൺമെന്റ് ഖജനാവിൽ നിന്നും ഇവയ്ക്കുവേണ്ടി മുടക്കുന്നതായി കാണുന്നുണ്ട്. ഇതിന്റെ സ്പെഷ്യൽ റൂൾസിലും വലിയ വ്യത്യാസം ഉള്ളതായി കാണുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഗവൺമെന്റിന്റെ ചെലവു ചുരുക്കൽ പദ്ധതിയനുസരിച്ചെങ്കിലും ഈ വകുപ്പു അടിയന്തിരമായി ഒരു ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവന്ന് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ?

ശ്രീ. ജി. കാർത്തികേയൻ: ഇതിനുവേണ്ടി പ്രത്യേക തീരുമാനം എടുത്തിട്ടില്ലെങ്കിലും ഗവൺമെന്റിന്റെ മനസ്സ് ആ വഴിക്കാണ് നീങ്ങുന്നത്. അതിനുവേണ്ടിയാണ് ആദ്യമായി സാംസ്കാരിക ഡയറക്ടറേറ്റ് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അതിനകത്തു സാഹിത്യ അക്കാഡമിയുടെ പേരുകൂടി ചേർക്കാം. സാഹിത്യ അക്കാഡമിയും

പുരസ്കാരങ്ങളെല്ലാം കൊടുക്കുന്നുണ്ട്. സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾക്കെല്ലാം ഡയറക്ടർ, ഡയറക്ടറേറ്റ്, അംഗങ്ങൾക്ക് കാറുകൾ, മറ്റു സംവിധാനങ്ങൾ എല്ലാമുണ്ട്. ഒന്നുരണ്ടെണ്ണം ഒഴികെ ബാക്കിയുള്ളതെല്ലാം കെട്ടിടങ്ങൾക്ക് അതിഭീമമായ വാടക കൊടുത്താണ് പ്രവർത്തിക്കുന്നത്. ഇതു വൻചെലവുള്ള കാര്യം തന്നെയാണ്. ഇതൊക്കെ കാലങ്ങളായി വന്നുപോയ ചില കാര്യങ്ങളാണ്. ആ പിഴവുകൾ നികത്തുന്നതിനുള്ള കഠിന ശ്രമത്തിലാണ് ഗവൺമെന്റ്. അതിനിടയിൽ ഞാൻ നേരത്തേ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചുകാണുമെന്ന് വിശ്വസിക്കുന്നു. ഇതിനെല്ലാം ഒരു ഘടനയുണ്ട്. ആ ഘടന ഇങ്ങനെയാകുമ്പോൾ അവയെയെല്ലാം എങ്ങനെ ഏകോപിപ്പിക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് സാങ്കേതികമായും നിയമപരമായുമുള്ള കാര്യങ്ങൾകൂടി പരിശോധിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇത്തരം സ്ഥാപനങ്ങൾ ഇതേ സ്വഭാവത്തിൽ പ്രവർത്തിപ്പിക്കേണ്ട ആവശ്യമില്ലെന്നു തന്നെയാണ് ഗവൺമെന്റിന്റെ ഉറച്ച അഭിപ്രായം.

ശ്രീ. ജോണി നെല്ലൂർ: ഇവിടെ ബഹുമാന്യനായ മന്ത്രി പറഞ്ഞ മറുപടി വളരെ സ്വാഗതാർഹമാണ്. ഈ സ്ഥാപനങ്ങളിലൊക്കെത്തന്നെ ഗവേണിംഗ് ബോഡിയുണ്ട്. അതിന്റെ ഘടനയിൽ വലിയ വ്യത്യാസമൊന്നുമില്ല. ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ജീവനക്കാരുടെ തസ്തികകൾ, അതുപോലെ ഫീഡർ കാറ്റഗറി യോഗ്യതകൾ എന്നിവയിലും പ്രകടമായ വ്യത്യാസമുള്ളതായി കാണുന്നില്ല. ഈ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്കു വിടാൻ നിർദ്ദേശം ഉണ്ടായിരുന്നു. അതു പി.എസ്.സി.ക്കു വിട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ പി. എസ്.സി.ക്കു വിടുന്ന കാര്യം സജീവമായി പരിഗണിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: അതിന്റെ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. തീർച്ചയായും പി. എസ്. സി. ക്കു വിടണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ സമീപനവും തീരുമാനവും.

ശ്രീ. ഷിബു ബേബിജോൺ: സാഹിത്യം, മാധ്യമപ്രവർത്തനം, നാടകം, സിനിമ ഇവയെല്ലാം കൂടി ചേരുന്നതാണ് സാംസ്കാരിക വകുപ്പ്. എന്നാൽ ഇതിപ്പോൾ പല വകുപ്പിന്റെ കീഴിലായി വിഭജിച്ചു കിടക്കുന്നതായി കാണാൻ സാധിക്കും. ഇതെല്ലാം കൂടി ഏകോപിപ്പിച്ചാൽ മാത്രമേ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളു. അതിനുള്ള എന്തെങ്കിലും നിർദ്ദേശം സാംസ്കാരിക വകുപ്പിൽ നിന്ന് മുന്നോട്ടു വന്നിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: അതു സാംസ്കാരികവകുപ്പു മാത്രമായി തീരുമാനിക്കേണ്ട കാര്യമല്ല. പല കാരണങ്ങൾകൊണ്ടും വകുപ്പുകൾ വിഭജിക്കുമ്പോൾ വന്നുപോകുന്നതാണ്. ഇതു സംബന്ധിച്ച് സഭയിൽ ഇപ്പോൾ ഒരു മറുപടി പറയാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബിജോൺ: ഒരു കാലഘട്ടത്തിൽ സാംസ്കാരിക നായകന്മാരും രാഷ്ട്രീയ പ്രവർത്തകരുമൊക്കെ സഹകരിച്ചു പ്രവർത്തിച്ചതിന്റെ ഭാഗമായിട്ടാണ് വലിയ സാമ്പത്തിക മാറ്റം കേരളത്തിൽ ഉണ്ടായത്. പി. കേശവദേവ്, "ഓടയിൽ നിന്നും" രചിച്ചത് കൊല്ലത്ത് യൂണിയൻ ഓഫീസിൽ ഇരുന്നപ്പോൾ ഒരു പെൺകുട്ടി ഓടയിൽ വീഴുന്നതു കണ്ടിട്ടാണ്. ഇപ്പോൾ സാംസ്കാരിക നായകന്മാർ അവരുടെ കഴിവു തെളിയിക്കുന്നത് രാഷ്ട്രീയക്കാരെ ചീത്ത പറഞ്ഞുകൊണ്ടാണ്. അവരുടെ യഥാർത്ഥസാംസ്കാരിക നിലവാരം പുറത്തുവരുന്നത് ഒരു അവാർഡ് പ്രഖ്യാപിക്കുമ്പോഴാണ്. മീൻചന്തയിൽപ്പോലും ഉപയോഗിക്കാത്ത ഭാഷയാണ് അവർ ഉപയോഗിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും ഒരു സ്ഥാപനത്തെ സംയോജിപ്പിച്ചോ അല്ലാതെയോ ഏതെങ്കിലുമൊരു സ്ഥാപനത്തിന്റെ കീഴിലാക്കി ഇവയുടെ സാംസ്കാരിക നിലവാരം ഉയർത്താൻ എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. ജി. കാർത്തികേയൻ : അതുപറയുമ്പോൾ എനിക്കൊരു ദുഃഖം ഈ സഭയിൽ അവതരിപ്പിക്കാനുണ്ട്. ഈ നാടിന്റെ മുഴുവൻ അപചയത്തിനും ഉത്തരവാദികൾ രാഷ്ട്രീയ പ്രവർത്തകരാണെന്നാണ് ഈ രാജ്യത്ത് ഏറ്റവും അധികം പ്രചരിപ്പിക്കുന്നത് സാംസ്കാരിക നായകന്മാരിൽ ഒരു വിഭാഗം ആളുകളാണ്. അപ്പുറത്തിരിക്കുന്നവർക്കും ചിലപ്പോൾ തോന്നും 'ഞങ്ങളെപ്പറ്റിയല്ല' അവർ സംസാരിക്കുന്നതെന്ന്. എല്ലാപേരെയും ഉദ്ദേശിച്ചുതന്നെയാണ്. കേരളത്തിലെ പൊതുരംഗത്തു പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കുവേണ്ടിയും മുഖ്യമന്ത്രിക്കുവേണ്ടിയും പ്രതിപക്ഷ നേതാവിനുവേണ്ടിയും മുൻമുഖ്യമന്ത്രിമാർക്കുവേണ്ടിയും അങ്ങേക്കുവേണ്ടിയും പലപ്പോഴും ഇത്തരം വിവാദങ്ങൾ ഉയർന്നുവന്നിട്ടുള്ള സന്ദർഭങ്ങളിൽ ഞാൻ ശക്തമായ നിലപാടുകൾ എടുത്തപ്പോൾ, സഭയുടെ പൊതുവായ ഒരു പിന്തുണ എനിക്കു കിട്ടിയിട്ടില്ല എന്നുള്ള ഒരു ദുഃഖം ഞാൻ ഇവിടെ പറയുകയാണ്. കേരളത്തിലെ പൊതുപ്രവർത്തകർക്കുവേണ്ടി പരസ്യമായി അവരോട് ഏറ്റുമുട്ടിയ ഒരു പൊതുപ്രവർത്തകൻ എന്നുള്ള നിലയിൽ എന്നോട് ഒരു കാരുണ്യവും ആരും കാണിച്ചിട്ടില്ല എന്ന് ആദ്യമേ ഞാൻ പറയുകയാണ്. ശ്രീ. ഷിബു ബേബിജോൺ പറഞ്ഞ കാര്യങ്ങൾക്ക് വിശദമായ ഒരു മറുപടി പറയാൻ ബുദ്ധിമുട്ടാണ്. അവരെ നമുക്ക് ബഹുമാനമാണ്, അവരുടെ രചനകളെ നമ്മൾ ബഹുമാനിക്കുക, അവ വായിക്കുക, ആസ്വദിക്കുക എന്നുള്ളതാണ് ഇപ്പോൾ എന്റെ സമീപനം. അതാണ് നല്ലത് എന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, ഡോ. കെ. എം. ജോർജിന്റെ പേരിൽ ഉള്ള ഡോ. കെ. എം. ജോർജ് പഠനകേന്ദ്രത്തിന് അഞ്ചുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ വൈലോപ്പള്ളി സംസ്കൃതി ഭവൻ അന്താരാഷ്ട്ര പഠനകേന്ദ്രമാക്കുന്നതിന് സർവ്വകലാശാലകളുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പോണ്ടിച്ചേരി സർവ്വകലാശാലയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

മതസമന്വയത്തിന്റെയും മതാത്മീയതയുടെയും ദർശനം നൽകിയ ശ്രീനാരായണ ഗുരുദേവന്റെ ജന്മസ്ഥലമായ ചെമ്പഴന്തിയിൽ അന്താരാഷ്ട്ര പഠനകേന്ദ്രം തുടങ്ങുന്നതിന് മുൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നതാണ്. എന്നാൽ അത് നടപ്പിലായില്ല. അത്തരം അന്താരാഷ്ട്ര പഠന കേന്ദ്രം ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട എ. എൻ. രാജൻ ബാബു പറഞ്ഞതുപോലെ ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള അന്താരാഷ്ട്ര പഠന കേന്ദ്രം അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ചെമ്പഴന്തിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് അതു പ്രഖ്യാപിച്ചത് ശരിയാണ്. അന്ന് പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്; നടപടിക്രമങ്ങളുമായിട്ട് മുന്നോട്ട് നീങ്ങിയിട്ടില്ല. പണം അനുവദിച്ചിട്ടില്ലായിരുന്നു. അതിനുശേഷം സാങ്കേതികമായ കാരണങ്ങൾ കൊണ്ട് അന്നുണ്ടായിരുന്ന കമ്മിറ്റിയുടെ ഘടനതന്നെ ഇല്ലാതായി. ഏതായാലും അന്താരാഷ്ട്ര പഠന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയാരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗവൺമെന്റ് ഒരു വാക്ക് പറഞ്ഞിട്ടുണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും ആ പഠനകേന്ദ്രം പെട്ടന്നുതന്നെ രൂപീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ഞാൻ ഇതിൽ രാഷ്ട്രീയം കലർത്തുന്നില്ല. മുൻ ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും പണം നീക്കിവച്ചിരുന്നില്ല. ഈ ഗവൺമെന്റ് അടുത്ത സാമ്പത്തിക വർഷംതന്നെ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പണം നീക്കിവയ്ക്കും.

ശ്രീ. എ. എൻ. രാജൻ ബാബു : ഇതുപോലുള്ള മറ്റ് ഏതെങ്കിലും ആചാര്യൻമാരുടെ പേരിൽ പഠനകേന്ദ്രം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിൽ ധാരാളം പഠനകേന്ദ്രങ്ങളുണ്ട്. മറ്റൊന്നും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. അത്തരത്തിലുള്ള ഗൗരവതരമായ കാര്യങ്ങൾ വന്നാൽ സർക്കാരിന് ആലോചിക്കാവുന്നതേയുള്ളു.

ശ്രീ. ടി. കെ. ബാലൻ: സർ, ഈ സാംസ്കാരിക സ്ഥാപനങ്ങളൊക്കെ ഒരു നേട്ടവും നമ്മുടെ സംസ്ഥാനത്തിനുണ്ടാക്കിയിട്ടില്ലെന്നു പറയാൻ പറ്റുകയില്ല. ശ്രീ. എൻ. വി കൃഷ്ണവാര്യരെപ്പോലുള്ള പ്രഗൽഭരായിട്ടുള്ള പലരും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആധിപത്യം വഹിച്ചിരുന്ന കാലത്ത് നമുക്ക് ഒരുപാട് നേട്ടങ്ങളുണ്ടായിട്ടുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടുകളെയാകെ സംയോജിപ്പിക്കുന്നത് ബുദ്ധിപൂർവ്വകമാകുകയില്ല. അതിന് അതിന്റേതായ ആട്ടോണമി കൊടുക്കേണ്ടതുണ്ട്. അതിന്റെ പ്രവർത്തനം സമയബന്ധിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കണം. ഒരു ചെറിയ ഉദാഹരണം പറയാം വിജ്ഞാനകോശത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നമ്മുടെ നിയമസഭ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധേയമായിട്ടുള്ള ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. അതിൽ ഒന്ന് അവിടത്തെ ഉദ്യോഗസ്ഥൻമാർ ചുരുങ്ങിയത് അയ്യായിരം വാക്ക് ഒരാൾ എഴുതണമെന്ന് പറഞ്ഞു. പക്ഷേ പരിശോധിച്ചു നോക്കിയപ്പോൾ വാക്കുകളൊന്നും എഴുതാത്ത ഉദ്യോഗസ്ഥൻമാർപോലുമുണ്ട്. അന്വേഷിച്ചപ്പോൾ മനസ്സിലായത് മലയാള വിജ്ഞാന കോശത്തിൽ എഴുതേണ്ട ആൾ ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച ആളാണ് പോലും. എങ്ങനെയാണ് അവിടത്തെ നിയമനമെന്നുള്ളത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ശരിയായ രീതിയിലുള്ള ക്വാളിഫിക്കേഷനും റിക്രൂട്ടുമെന്റ് സമ്പ്രദായവും കൊണ്ടുവരുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ നമ്മുടെ ജീവിതത്തിൽ ഒന്നും നൽകിയിട്ടില്ല എന്നുപറയുന്നത് ശരിയല്ല. ചരിത്രപരമായ ധാരാളം ദൗത്യങ്ങൾ പല സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ എൻ. വി. കൃഷ്ണവാര്യർ അടക്കമുള്ള ധിഷണാശാലികളുടെ സംഭാവനകൾ വളരെ വിലപ്പെട്ടവതന്നെയാണ്. പിന്നെ ഓരോ കാലഘട്ടത്തിലും വരുന്ന തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകളാണ് എപ്പോഴും ഈ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ തലപ്പത്തു വരുന്ന ആളുകളെ നിശ്ചയിക്കുന്നത്. അതിനു പറ്റിയ ആളുകളെ നിശ്ചയിക്കാനുള്ള ഒരു തീരുമാനമെടുക്കേണ്ടത് അധികാരത്തിൽ വരുന്ന ആളുകൾ തന്നെയാണ്. പലപ്പോഴും നമ്മുടെ മുൻപിൽ ലക്ഷ്യത്തേക്കാൾ കൂടുതലായി വരുന്നത് വ്യക്തികളുടെ മുഖമായതുകൊണ്ട് സംഭവിച്ചിട്ടുള്ളതാണ് ഇതൊക്കെ. ഏതായാലും പറ്റിയ ആളുകളാണ് ഇരിക്കുന്നതെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എന്നാലും അതിനുവേണ്ടിയുള്ള സമീപനമായിരിക്കും ഭാവിയിൽ ഗവൺമെന്റ് സ്വീകരിക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, സാംസ്കാരിക രംഗത്ത് ഇപ്പോൾ വിവാദങ്ങളുടെ പൂക്കാലമാണ്. "ആലാഹയുടെ പെൺമക്കൾ" എന്ന കൃതിക്ക് ശ്രീമതി സാറാ ജോസഫിന് അവാർഡ് കിട്ടിയതും അവർ അത് തിരികെ കൊടുത്തതും നമ്മുടെ ദൃശ്യ മാധ്യമങ്ങളിൽ ചിലതിൽ ആദരണീയ നേതാക്കൻമാരായ മുഖ്യമന്ത്രിയേയും പ്രതിപക്ഷ നേതാവിനേയും, ലീഡർ കെ. കരുണാകരനെയുമൊക്കെ അപഹാസ്യകരമായ രീതിയിൽ ചിത്രീകരിക്കുന്നതുമൊക്കെ വിവാദത്തിന്റെ ഭാഗമാണ്. ജവഹർലാൽ നെഹ്റുവിനെ കാർട്ടൂണിസ്റ്റുകൾ വിമർശിച്ചതിന് അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തി എന്ന അർത്ഥത്തിൽ ഇതിനെ കാണുന്നത് ശരിയല്ല. വിമർശനം നല്ലതാണ്. പക്ഷെ അതിനൊരു ലക്ഷ്മണരേഖ വേണം. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? അവാർഡുകൾ വാങ്ങുകയും അവ പിന്നീട് നിരസിക്കുകയും ചെയ്ത് പുസ്തക വില്പന കൂട്ടാനും പ്രശസ്തി വർദ്ധിപ്പിക്കാനുമുള്ള ശ്രമം നടക്കുന്നുണ്ട്. കേരളത്തിലെ സാംസ്കാരിക വകുപ്പിൽ അവാർഡ് നൽകുന്ന സ്ഥാപനങ്ങൾ കൂട്ടായി അവാർഡുകൾ ഒരിക്കൽ നൽകിക്കഴിഞ്ഞാൽ അത് നിരസിക്കുന്നവർക്ക് വീണ്ടും നൽകാൻ പാടില്ലായെന്ന് തീരുമാനിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, ഓരോ സന്ദർഭത്തിലും ഓരോന്നിന് അവാർഡ് നിശ്ചയിക്കുന്നത് അപ്പോൾ ഇരിക്കുന്ന സമിതികളാണ്. അതിന് ഒരു സ്ഥിരം സംവിധാനമുണ്ടാകുകയില്ല. അതുകൊണ്ട് ഒരിക്കൽ നിരസിച്ചവർക്ക് കൊടുക്കണ്ട എന്നൊക്കെ തീരുമാനിക്കേണ്ടത് അന്നന്നിരിക്കുന്നവരാണ്. നമ്മുടെ സാഹിത്യ അക്കാഡമി കൊടുത്ത ഒരു അവാർഡ് ശ്രീമതി സാറാ ജോസഫ് നിരസിച്ചിരുന്നു. അത് സ്വീകരിച്ച് ആറ് മാസം കഴിഞ്ഞപ്പോൾ മുത്തങ്ങാ സമരവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ സമീപനങ്ങളിൽ പ്രതിഷേധിച്ച് ഇവർ മാധ്യമങ്ങളെക്കൂട്ടി ഉൽസവമായി വന്ന് അവാർഡ് തിരിച്ചു കൊടുത്തിട്ട് പോയി. ഈ അടുത്ത കാലത്ത് അവർക്ക് കേന്ദ്ര സാഹിത്യ അക്കാഡമിയുടെ ഒരു അവാർഡ് കിട്ടി. ഗുജറാത്ത് പോലുള്ള പ്രദേശങ്ങളിലെ നരഹത്യയ്ക്ക് നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് നിയന്ത്രിക്കുന്ന സാഹിത്യ അക്കാഡമിയുടെ അവാർഡ് അവർ സ്വീകരിച്ചപ്പോൾ അതിനകത്തെ ഔചിത്യത്തെ ചോദ്യം ചെയ്തവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ആർക്ക് അവാർഡ് കിട്ടിയാലും അത് സംസ്ഥാന ഗവൺമെന്റിന്റേയും സാംസ്കാരിക വകുപ്പിന്റേയും, വകുപ്പുമന്ത്രിയുടേയും ഔചിത്യവും കുലീനതയുമാണ്. അത് അവർ വാങ്ങുന്നതും വാങ്ങാതിരിക്കുന്നതും രണ്ടും രണ്ടാണ്....(ബഹളം).....നിങ്ങൾ കഥയറിയാതെ ആട്ടം കാണുകയാണ്. സംഘപരിവാർ നേതൃത്വം കൊടുക്കുന്ന ഒരു സാംസ്കാരിക സംഘടനയുടെ സ്വീകരണ സമ്മേളനത്തിൽ സാറാ ജോസഫ് പങ്കെടുത്തുകൊണ്ടുള്ള പ്രസംഗം പത്രങ്ങളിൽ (ജന്മഭൂമിയിൽ) വന്നു. ആ അവാർഡ് വാങ്ങിയതിന്റെ ഔചിത്യത്തെ മാത്രമേ ചോദ്യം ചെയ്തുള്ളു. മറ്റൊന്ന് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞത് നർമ്മത്തിനോ ഹാസ്യത്തിനോ വിമർശനത്തിനോ ഈ ഗവൺമെന്റോ സാംസ്കാരിക വകുപ്പോ ഞാനോ എതിരല്ല. ബാത്ത്റൂമിലിരുന്നു കൊണ്ട് 'ഇനിയും ഓർഡിനൻസ് ഒപ്പിടാനുണ്ടോ' എന്ന് കാർട്ടൂൺ വന്ന നാടാണിത്. ജവഹർലാൽ നെഹ്റു വിളിച്ച് എന്നെ മറന്നോയെന്ന് കാർട്ടൂണിസ്റ്റ് ശങ്കറിനോട് ചോദിച്ചിട്ടുണ്ട്. നർമ്മത്തിന്റേയും ഹാസ്യത്തിന്റേയും വിമർശനത്തിന്റേയും ചാട്ടുളി അതിനകത്തുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞു ഞങ്ങൾക്ക് പരാതിയില്ലെന്ന്. അവരോളം വലിയ മനസ്സ് എനിക്കില്ല. സുകുമാർ അഴീക്കോട് ഉൾപ്പെടെയുള്ള സാംസ്കാരിക നായകന്മാർ പാച്ചോലകെട്ടി സ്റ്റേജിൽ കരണംമറിഞ്ഞ് ആളുകളെ ചിരിപ്പിക്കുന്നത് ഹാസ്യമല്ല. അതു നിലവാരത്തകർച്ചയാണ്. അത്തരം മിമിക്രികൾ വേണ്ടെന്ന് ഞാൻ പറഞ്ഞു പക്ഷേ ഇതു ഗവൺമെന്റിനെക്കൊണ്ട് നിയന്ത്രിക്കാൻ സാദ്ധ്യമല്ല. ആവിഷ്കാരസ്വാതന്ത്ര്യമാണ്. ഈയൊരു നിലവാരത്തകർച്ച സാംസ്കാരിക കേരളത്തിന് ഭൂഷണമല്ലയെന്ന നിലപാടിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, സാംസ്കാരിക വകുപ്പെന്ന സങ്കൽപ്പത്തെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള ഒരു സാംസ്കാരിക വകുപ്പ് ഇപ്പോൾ കേരളത്തിൽ ഇല്ല. സാംസ്കാരിക വകുപ്പിന്റെ കീഴിൽ സമന്വയിക്കേണ്ടുന്ന സംവിധാനങ്ങൾ നാല് മന്ത്രിമാരുടെ കീഴിലായി ചിതറിക്കിടക്കുകയാണ്. ഇപ്പോൾ

ശ്രീ. ടി. എം. ജേക്കബിന്റെ കീഴിൽ പുരാവസ്തു, പുരാരേഖ, മ്യൂസിയം എന്നിവയാണ്. ചില അക്കാഡമികളുടെ കാര്യങ്ങൾ മാത്രമാണ് ശ്രീ. ജി. കാർത്തികേയനുള്ളത്. ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, സി-ഡിറ്റ് തുടങ്ങിയവ ശ്രീ. എം. എം. ഹസ്സന്റെ വകുപ്പിലാണ്. ചിലതൊക്കെ ശ്രീ. ചെർക്കളം അബ്ദുള്ളയുടെ വകുപ്പിലാണ്. ഈ കാര്യങ്ങളെല്ലാം സമന്വയിപ്പിക്കാനാവശ്യമായ സംവിധാനങ്ങളെ സംബന്ധിച്ച് ചോദിക്കുന്നയവസരത്തിൽ മന്ത്രി ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. ഇങ്ങനെ ചിതറിക്കിടക്കുന്ന വകുപ്പുകളെയെല്ലാം ഒന്നിച്ചു ചേർത്ത് ഒരു സംവിധാന മുണ്ടാക്കുന്നതിനെ സംബന്ധിച്ച്, ഈ നാലഞ്ച് മന്ത്രിമാർ കൂടിയിരുന്ന് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ, എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ : സർ, ഇത് ഒരു കൂട്ടുത്തരവാദിത്വമുള്ള ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്, യാതൊരു സംശയവും വേണ്ട. നയപരമായ കാര്യങ്ങൾ ഞങ്ങളെല്ലാം കാബിനറ്റിൽ ചർച്ച ചെയ്യാറുണ്ട്. രാഷ്ട്രീയപരമായ കാര്യങ്ങൾ ഐക്യജനാധിപത്യ മുന്നണിയിൽ ചർച്ച ചെയ്യാറുണ്ട്. സാംസ്കാരികമായ കാര്യങ്ങളിൽ ഞങ്ങൾ പരസ്പരം ചർച്ച ചെയ്തും ബന്ധപ്പെട്ട ആളുകളുടെ ഉപദേശം തേടിയുമാണ് മുന്നോട്ടു നീങ്ങുന്നത്. അതുകൊണ്ട് സാംസ്കാരിക മേഖലയിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ല എന്ന് ഞാൻ മറ്റു മന്ത്രിമാർക്കുവേണ്ടി ഉറപ്പിച്ചുപറയുന്നു.

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്ത് ഒരു കാർട്ടൂൺ അക്കാഡമി സ്ഥാപിക്കണമെന്നുള്ള ആവശ്യം വളരെക്കാലമായി നിലനിൽക്കുന്നതാണ്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : പുതിയ അക്കാഡമിയാകുമ്പോൾ അതിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ വേണ്ടിവരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് മാത്രമേ അത് പരസ്യമായി പ്രഖ്യാപിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. കെ. ദേവകുമാർ : സർ, സാഹിത്യകാരൻമാരെക്കുറിച്ച് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി പറഞ്ഞതിന് ഒരു ചെറിയ ഭേദഗതിയുണ്ട്. അവാർഡ് കിട്ടുന്നതിന്റെയടിസ്ഥാനത്തിൽ ആരേയും ആക്ഷേപിക്കുകയും കൃതിയുടെ ഇതിവൃത്തത്തിൽ മാറ്റം വരുത്തുകയും ചെയ്ത ഒരു പറ്റം സാഹിത്യകാരൻമാർ രാജഭരണകാലം മുതലേ ഈ നാട്ടിലുണ്ട്. പക്ഷേ ദിശാബോധമുള്ള സാഹിത്യകാരൻമാരും ഉണ്ടെന്നുള്ള സത്യം നമ്മൾ വിസ്മരിക്കരുത്. മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന പല്ലനയിൽ ഇപ്പോൾ നിരവധി ട്രസ്റ്റുകളാണ് പ്രവർത്തിക്കുന്നത്. അത് ഒരു ചരിത്ര സ്മാരകമാക്കാനും ആശാൻകൃതികൾ പരിശോധിക്കാനും വരുംതലമുറയ്ക്ക് അവസരം ഉണ്ടാക്കത്തക്ക തരത്തിൽ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന ഈ ട്രസ്റ്റുകളെ എല്ലാംകൂടി സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന്, ആ ചരിത്ര സ്മാരകം സംരക്ഷിക്കാനുള്ള അവസരം ഗവൺമെന്റ് ഒരുക്കുകയും ഒപ്പം ഈ ചരിത്രസ്മാരകം സംരക്ഷിക്കാൻവേണ്ടി എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും തുക വകകൊള്ളിക്കാൻ അങ്ങ് മുൻകയ്യെടുക്കുകയും ചെയ്യുമോ?

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട ദേവകുമാറിനു തന്നെ അറിയാമല്ലോ, അവിടെ വ്യത്യസ്ത കമ്മിറ്റികളുണ്ട്. എന്നാൽ അവിടത്തെ പ്രവർത്തനത്തിൽ ഗവൺമെന്റിന്റെ സാന്നിദ്ധ്യവും ഉണ്ട്. ഇത്രയുമധികം ജനാധിപത്യ സംവിധാനമുള്ള രാജ്യത്ത് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയുമോ എന്ന് സംശയമുണ്ട്. അതിന് സാംസ്കാരിക വകുപ്പ് ശ്രമിക്കുന്നതാണ്. മറ്റൊരു കാര്യം അങ്ങ് പറഞ്ഞത് തീർച്ചയായിട്ടും പ്രാദേശിക വികസന ഫണ്ടിൽ നിന്നുകൂടി ഇത്തരം സ്മാരകങ്ങൾക്ക് പണം ചെലവഴിക്കുന്നതിനുള്ള ഒരു അവകാശം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അങ്ങയെ അറിയിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മുടെ സംസ്കാരത്തിന്റെ സമന്വയത്തിനുവേണ്ടി ഒരു സാംസ്കാരിക സർവ്വകലാശാല കേരളത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. സാഹിത്യ അക്കാഡമി, സംഗീതനാടക അക്കാഡമി, ലളിതകലാ അക്കാഡമി, കലാമണ്ഡലം എന്നിവ ഉൾപ്പെടെയുള്ള കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ തലസ്ഥാനം കൂടിയായ തൃശ്ശൂർ ആസ്ഥാനമായി ഒരു സാംസ്കാരിക സർവ്വകലാശാല രൂപീകരിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : ഉള്ള സർവ്വകലാശാലകൾ നേരേയാകട്ടെ. അതിനുശേഷം മതിയല്ലോ പുതിയ സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം. നിർദ്ദേശം നല്ലതാണ്. കേരള കലാമണ്ഡലമുള്ള ജില്ലയാണ് തൃശ്ശൂർ. ഒരു സംസ്കാരിക സർവ്വകലാശാല വന്നാൽ, അതിന് പറ്റിയ സ്ഥലം തൃശ്ശൂർ തന്നെയാണ്, അതിന് യാതൊരു സംശയവും വേണ്ട. ആദ്യം നമ്മുടെ കയ്യിലുള്ളതെല്ലാം നന്നാക്കിയിട്ട് ആലോചിക്കാം. അതിന് ഒരുപാട് കോടി രൂപ വേണ്ടി വരും.

ശ്രീ. പിരപ്പൻകോട് മുരളി : സർ, സാംസ്കാരിക വകുപ്പ് എന്ന് പറയുമ്പോൾ പകുതി മാത്രമേയുള്ളൂ. നമ്മുടെ പ്രധാനപ്പെട്ട എല്ലാ സ്ഥാപനങ്ങളും പല വകുപ്പുകളുടെ കീഴിലായി പലസ്ഥലത്തായി ചിതറിക്കിടക്കുകയാണ്. അതെല്ലാം കൂടി ഒരു സാംസ്കാരിക ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരുന്ന കാര്യം ഞാൻ എം.എൽ.എ. ആയ കാലം മുതൽ പറയാൻ തുടങ്ങിയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഇപ്പോൾ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അടക്കമുള്ള മുഴുവൻ സാംസ്കാരിക സ്ഥാപനങ്ങളേയും ഒരു ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരുകയും അതിന്റെ കടമകളും ചുമതലകളും പുനർ നിർണ്ണയിക്കുകയും ചെയ്യണം. ഒരേ കാര്യങ്ങൾ പലരും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഡി.സി. ചെയ്യുന്നുണ്ട്, ചലച്ചിത്ര അക്കാഡമിയുണ്ട്, പുരാവസ്തു വകുപ്പുണ്ട്. വളരെ വിശദമായി കാര്യങ്ങൾ പഠിക്കാനും സാംസ്കാരിക ഡയറക്ടറേറ്റുണ്ടാക്കാനും ഒരു സീനിയർ ഐ.എ.എസുകാരനെ ഉപയോഗിച്ച് ഒരു വിശദമായ പഠനം നടത്തി ഓരോ വകുപ്പും ഇപ്പോൾ ചെയ്യുന്ന കാര്യങ്ങളിൽ ആവർത്തനം വരാതിരിക്കാൻ ആവശ്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി മുൻകയ്യെടുക്കുകയും മുഖ്യമന്ത്രി അതിന് അനുവാദം കൊടുക്കുകയും ചെയ്യണമെന്നുള്ളത് എന്റെ ഒരു അഭ്യർത്ഥനയാണ്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി പറഞ്ഞ നിർദ്ദേശം ഞാൻ അഭിവന്ദ്യനായ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. ഇത്തരത്തിൽ ഒരു തീരുമാനം ഉണ്ടാകേണ്ടത് നല്ല കാര്യമാണ്. തീർച്ചയായിട്ടും ഞാൻ മുഖ്യമന്ത്രിയുമായിട്ട് ചർച്ച ചെയ്ത് വിവരം താങ്കളെ അറിയിക്കുന്നതാണ്.

ശ്രീമതി മാലേത്ത് സരളാദേവി : സർ, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിട്യൂട്ടുകളെയൊക്കെ ഒന്നിപ്പിക്കാൻ പ്രയാസമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ അവയുടെയെല്ലാം പ്രവർത്തനം സംബന്ധിച്ച് വൈവിദ്ധ്യാത്മകമായ പ്രായോഗിക തലം നിലനിൽക്കുന്നതുകൊണ്ട് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആറൻമുള നിയോജകമണ്ഡലത്തിലെ ഇലവൻതിട്ടയിൽ മുലൂർ സ്മാരകത്തിന് 37 സെന്റ് സ്ഥലം സാംസ്കാരിക വകുപ്പിന് കൊടുത്തിരിക്കുകയാണ്. മുലൂരിന്റേത് ലോകപ്രസിദ്ധമായിട്ട് എല്ലാവരും ആദരിക്കുന്ന 'കവിരാമായണം' പോലുള്ള കൃതികളാണ്. മുലൂർ സ്മാരകം ഒരു പഠനകേന്ദ്രമാക്കി മാറ്റുന്നതിന് ബഹുമാനപ്പെട്ട മന്ത്രി സഹായിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : മുലൂർ സ്മാരകത്തിന് ഇപ്പോൾ പ്രതിവർഷം 75,000 രൂപയാണ് സർക്കാർ നൽകുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ അത് ഒരു പഠനകേന്ദ്രമാക്കുന്നതിനുവേണ്ടിയുള്ള താൽപ്പര്യം ഗവൺമെന്റിനും ഉണ്ട്. പക്ഷേ ഉടനെ ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, നല്ല വായനാശീലം ഉള്ളവനും സഹൃദയനും അനുഭൂതി വിശേഷം ഉൾക്കൊള്ളുന്ന നല്ല ഒരു സാംസ്കാരിക വകുപ്പുമന്ത്രിയുമാണ് അങ്ങ്. നല്ല ഒരു തിരുത്തൽ പ്രക്രിയ ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. എനിക്ക് അറിയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തതിനുശേഷം ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. എം. ടി. വാസുദേവൻ നായർ, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീ. എം. എം. ബഷീർ ഇവരൊക്കെ ആ സ്ഥാനം രാജി വച്ചു. ചില ആൾക്കാർ അവാർഡ് വേണ്ട എന്നും വച്ചു. യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സംഭവിച്ചത്? അതിന്റെ യഥാർത്ഥ കാരണമെന്താണ്? ബഹു. മന്ത്രി പറഞ്ഞു സാംസ്കാരിക നായകന്മാരുമായി ഏറ്റുമുട്ടിയപ്പോൾ രാഷ്ട്രീയക്കാർ സഹായിച്ചില്ലെന്ന്. സഹായിക്കാനായി ഞങ്ങളറിയണ്ടേ എന്താണിതിന്റെ യഥാർത്ഥ കാരണമെന്ന്?

ശ്രീ. ജി. കാർത്തികേയൻ : സ്റ്റേറ്റ്മെന്റിൽ തന്നെ ഫാക്ചൽ എറർ ഉണ്ട്. ബഹുമാനപ്പെട്ട ഒ. എൻ. വി. കുറുപ്പ് അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയാക്കിയതിനുശേഷമാണ് രംഗം വിട്ടൊഴിഞ്ഞത്. ശ്രീ. എം. ടി. വാസുദേവൻ നായർ ചാർജ്ജ് എടുത്തില്ല. ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. അദ്ദേഹം അത് സമ്മതിച്ചു. പക്ഷേ അദ്ദേഹത്തിന് ഇൻഡ്യാ വിഷനുമായി ബന്ധപ്പെട്ട കുറേ ചുമതലകൾ വരുന്നതുകൊണ്ട് അദ്ദേഹത്തെ ഒഴിവാക്കണമെന്ന് പറഞ്ഞ് കത്ത് വന്നു. പിന്നെ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ കാര്യം, അത് എന്തിന്റെ പേരിൽ വന്നതാണെന്ന് കേരളത്തിലെ എല്ലാ ദൃശ്യമാധ്യമങ്ങളിലും പത്രങ്ങളിലും വന്നതാണ്. കേരളത്തിലെ ജനങ്ങൾക്ക് അതിൽ യാതൊരു സംശയവുമില്ല. അവാർഡ് തിരസ്കരിച്ചത് സാറാ ജോസഫ് ആണ്. ആറ് മാസം കഴിഞ്ഞ് കൊട്ടും പാട്ടും പാണ്ടി മേളത്തോടുംകൂടി കൊണ്ടുകൊടുത്തു. വാങ്ങിയതും ജനങ്ങൾ അറിഞ്ഞു. തിരസ്കരിച്ചതും ജനങ്ങൾ അറിഞ്ഞു. അല്ലാതെ ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടായിട്ടില്ല. ചിലപ്പോൾ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടാകാം.

ശ്രീ. വർക്കല കഹാർ : സർ, നമ്മുടെ സാംസ്കാരിക നായകൻമാർക്ക് ആരെക്കുറിച്ചും എന്തും പറയാം. അവരെക്കുറിച്ച് ആര് എന്തു പറഞ്ഞാലും സഹിക്കയുമില്ല. അവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ചോദിച്ചാൽ അവർക്ക് ഇഷ്ടപ്പെടുകയില്ല. മറ്റു കണക്കുകളെക്കുറിച്ചെല്ലാം അവർക്ക് വിമർശനബുദ്ധിയാണ്. അവർക്ക് ആരോടെങ്കിലും ഉത്തരവാദിത്വം വേണ്ടേ? കുമാരനാശാൻ ഗ്രാമവൃക്ഷത്തിലെ കുയിലിൽ 'അന്യന്റെ താളഗതിയറിയാതെ പാടും' എന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ പാടുന്നവരാണ് എന്നാണ് ഒരു സാഹിത്യകാരൻ പറഞ്ഞത്. ജനങ്ങളോടെങ്കിലും അവർക്ക് ഉത്തരവാദിത്വം ഉണ്ടാകാൻ എന്തു നടപടി സ്വീകരിക്കാൻ പറ്റും?

ശ്രീ. ജി. കാർത്തികേയൻ : അവർ സ്വയം നന്നാകട്ടെ.

ശ്രീ. കളത്തിൽ അബ്ദുള്ള : മാപ്പിളപ്പാട്ടിന്റെ കുലഗുരുവും ബദർപടപ്പാട്ടും, ബദറുൽമുനീറും ഉസുനുൽ ജമാൽ എന്ന പ്രണയകാവ്യവും മലയാള സാഹിത്യ ലോകത്തിന് സംഭാവനചെയ്ത കവിഗുരുവായ മോയിൻകുട്ടി വൈദ്യരുടെ സ്മാരകത്തിന് പതിനേഴോളം പ്രോജക്ടുകൾ കേരളാ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിരുന്നു. 50 ലക്ഷമാണ് അവർ ആവശ്യപ്പെട്ടിരുന്നത്. പക്ഷെ 5 ലക്ഷം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുക കൂടി അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, മോയിൻകുട്ടി വൈദ്യർ സ്മാരകത്തിൽ പലതവണ ഞാൻ പോയിട്ടുണ്ട്. ബഹുമാനപ്പെട്ട കളത്തിൽ അബ്ദുള്ള പറഞ്ഞതുപോലെ ചില നിർദ്ദേശങ്ങൾ ഉണ്ട്, എത്ര തുക കൊടുക്കാൻ പറ്റും എന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ രചനകൾ എല്ലാംകൂടി ഏകോപിപ്പിച്ച് സാംസ്കാരിക വകുപ്പുതന്നെ അത് പ്രിന്റ് ചെയ്ത് ഇറക്കാം എന്ന് സമ്മതിച്ചിട്ടുണ്ട്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിലപാടും മുഖ്യമന്ത്രിയുടെ നിലപാടും ഇക്കാര്യത്തിൽ വ്യത്യസ്തമാണെന്ന് പറഞ്ഞു. എന്നിട്ടും സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ഇന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ സാംസ്കാരിക മന്ത്രിയുടെ അഭിപ്രായമാണോ ഗവൺമെന്റിന്റെ അഭിപ്രായം, അതോ മുഖ്യമന്ത്രിയുടെ അഭിപ്രായമാണോ എന്നറിയാനാണ്.

മി. സ്പീക്കർ : നോ, വേണ്ട.

(മറുപടി പറഞ്ഞില്ല)

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ചില കാര്യങ്ങൾ പറഞ്ഞപ്പോൾ സംസ്ഥാനത്ത് വലിയ ഭൂകമ്പം ഉണ്ടായി എന്ന്. ഇവിടെ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ നല്ലൊരു സഹൃദയനും നല്ല വായനക്കാരനുമായ പ്രഗൽഭനായ സാംസ്കാരിക വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് ഈ സാഹിത്യകാരൻമാരെയൊക്കെ അങ്ങ് വെറുതെ വിടുന്നതല്ലേ നല്ലത് എന്നാണ്. അവരോട് കേറി ഏറ്റുമുട്ടുകയും..... അങ്ങനെ ഒരു നിയന്ത്രണം ആവശ്യമുണ്ടോ? കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ സ്റ്റാലിന്റെ കാലഘട്ടത്തിൽ ഇങ്ങനെ ചില നിയന്ത്രണങ്ങൾ വച്ചു, കാളിദാസന്റെ കൃതികൾപോലും ഹിറ്റ്ലർ നിരോധിക്കുകയുണ്ടായി.

(ബഹളം. . . . ബഹളം . . . .)

മി. സ്പീക്കർ: യേസ്, ഓർഡർ. . . ഓർഡർ . . . . .

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് കമ്മ്യൂണിസ്റ്റുകാരും ഫാസിസ്റ്റുകളും ഒക്കെ ചെയ്യുന്നതു പോലെ കലാകാരൻമാരുടെയും, സാഹിത്യകാരൻമാരുടെയും മേൽ നിയന്ത്രണത്തിന്റെ ഒരു അംശം അധികാരത്തിന്റെ മറവിൽ വരുന്നത് നല്ലതാണോ എന്ന് ആലോചിക്കണം എന്നാണ്. മിമിക്രി മോശമാണെങ്കിൽ ജനങ്ങൾ നോക്കിക്കൊള്ളും. മിമിക്രി കലാകാരൻമാർ കൊള്ളരുതാത്തവർ ആണെങ്കിൽ ജനങ്ങൾ നോക്കിക്കൊള്ളും അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ കുറേക്കൂടി ജനാധിപത്യപരമായ ഒരു നിലപാടല്ലേ സ്വീകരിക്കേണ്ടത് എന്നാണ് എന്റെ ചോദ്യം.

ശ്രീ. ജി. കാർത്തികേയൻ: സർ, ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് ഞാൻ പറഞ്ഞ നിലപാടുകളെ തെറ്റിദ്ധരിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ഇവിടെ സാംസ്കാരിക നായകൻമാരെയോ, എഴുത്തുകാരെയോ സർക്കാർ നിയന്ത്രിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമേയില്ല. അവരുടെ ചില അഭിപ്രായങ്ങൾ, അവരുടെ രചനകളെക്കുറിച്ചുള്ള നിരീക്ഷണ സ്വഭാവത്തിൽ ചിലത് ഞാൻ പറഞ്ഞു എന്നു മാത്രമേയുള്ളൂ. അല്ലാതെ ചെയ്തിട്ടില്ല. അതുപോലെത്തന്നെ ഇവിടെ അവതരണത്തിന്റെ കാര്യം അദ്ദേഹം പറഞ്ഞത്, ജനങ്ങൾ തിരസ്കരിക്കും എന്നാണ്. ചില സന്ദർഭങ്ങളിൽ അഭിപ്രായപ്പെടുന്നത് നല്ലതാണ്. ചിന്തയുടെ ഒരു പൊരിയിടുന്നത് നല്ലതാണ്. രണ്ടു വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ ദൃശ്യ മാധ്യമങ്ങളിലൂടെ രാത്രി ഏഴു മണിക്കുശേഷം ഭൂത പ്രേത പിശാചുക്കളുടെ പരിപാടികൾ മാത്രമാണെന്ന് ആദ്യം പറഞ്ഞത് ഞാനാണ്. ഇതുപോലെ ഒരുപാട് ഭൂകമ്പമുണ്ടായി. ഞാൻ പറഞ്ഞതു കൊണ്ടാണെന്ന് പറയുന്നില്ല. ഇന്ന് കേരളത്തിലെ ഒരു ദൃശ്യ മാധ്യമത്തിനകത്തും ഭൂതപ്രേത പിശാചുക്കൾ ഇല്ല. കാരണം ഒരു ചിന്ത ഉണ്ടായെന്ന് ഞാൻ വിശ്വസിക്കുന്നു; അല്ലെങ്കിൽ നമ്മൾ വിശ്വസിക്കുന്നു. അതുപോലെ ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു അഭിപ്രായം പറഞ്ഞു എന്നുമാത്രമേയുള്ളൂ. ജനങ്ങൾ തിരസ്കരിക്കുകയോ, സ്വീകരിക്കുകയോ ചെയ്തുകൊള്ളട്ടെ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സാംസ്കാരിക രംഗത്ത് പുതിയ അന്വേഷണം നടത്തുന്ന ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി, ഒരു പ്രധാനപ്പെട്ട കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ പ്രധാനപ്പെട്ട ഒരു പോയിന്റ് ചോദ്യമായിട്ട് ഉന്നയിക്കുകയാണ്. സാംസ്കാരിക സംഘടനകളും, സംസ്കാരവും തമ്മിൽ ഇപ്പോൾ വല്ല ബന്ധവും ഉണ്ടോ, ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സംഘടനാവൽക്കരിക്കപ്പെട്ട നിലയിലും, സാംസ്കാരിക മേഖല എന്ന രീതിയിലും പൈതൃകമായിട്ട് തുടർന്നുപോകുന്ന ഒരു അവസ്ഥയാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. ഇവിടെ മനുഷ്യ സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ അന്യമല്ലാത്ത ഒന്നാണ് സാംസ്കാരികം. ഒന്നിനേയും അതിൽനിന്ന് അടർത്തിമാറ്റാൻ സാധിക്കില്ല. ഏത് ഡിപ്പാർട്ടുമെന്റ് കൂട്ടിച്ചേർത്താലും, കൂട്ടിച്ചേർത്തില്ലെങ്കിലും എല്ലാം സാംസ്കാരികമായിട്ട് പ്രധാനപ്പെട്ടതു തന്നെയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയക്കാരും സാംസ്കാരിക നായകൻമാരും തമ്മിൽ സമന്വയമല്ലേ ഉണ്ടാകേണ്ടത്, പരസ്പരം ഏറ്റുമുട്ടലാണോ ഉണ്ടാകേണ്ടത്? സാംസ്കാരിക നായകൻമാർ പരസ്പരം കലഹിക്കുന്ന, മൽസരിക്കുന്ന, കേസ് കൊടുക്കുന്ന, സ്ഥിതിയിലേക്ക് വരുമ്പോൾ സാംസ്കാരിക വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഇവരെയെല്ലാം ചേർത്തുകൊണ്ടുള്ള സമന്വയത്തിന് ആവശ്യമായ ഈ സാംസ്കാരിക അവബോധത്തോടുകൂടിയുള്ള നിലപാട് സാംസ്കാരിക രംഗത്ത് നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്. രാഷ്ട്രീയ പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും തമ്മിൽ തെറ്റേണ്ട കാര്യമൊന്നുമില്ല. രാഷ്ട്രീയ പ്രവർത്തനത്തിലും സാംസ്കാരിക ഇടപെടലുകൾ നടത്തുന്ന ആളുകളില്ലേ? രാഷ്ട്രീയ പ്രവർത്തനം സംസ്കാരത്തെ ബാധിക്കില്ലേ, ഇതൊക്കെ സമൂഹവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ്. അതുകൊണ്ട് തമ്മിലുള്ള ഏറ്റുമുട്ടൽ ശരിയല്ല. പലപ്പോഴും സാംസ്കാരിക പ്രവർത്തകർ രാഷ്ട്രീയ പ്രവർത്തകന്റെ മെക്കിട്ട് കേറുന്നതായിട്ടാണ് കാണുന്നത്. അതുകൊണ്ട് ഏറ്റുമുട്ടൽ ശരിയല്ല. സാഹിത്യവും സംസ്ക്കാരവും ചിലപ്പോൾ കോടതികളുടെ ഇടനാഴികൾക്കുള്ളിലാണ് അവർ അവരുടെ മുന്നിൽ കാണുന്ന വക്കീലൻമാരുടെ ശക്തിയോടുകൂടി മുന്നോട്ടുപോകുന്ന അവസ്ഥ ശരിയല്ല. ഔദ്യോഗികമായിട്ട് ഗവൺമെന്റിന് ഇടപെടാൻ സാദ്ധ്യമല്ല എങ്കിൽപ്പോലും ഇവർ തമ്മിൽ സൗഹൃദം വളർത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, സാംസ്കാരിക വകുപ്പിന്റെ കീഴിൽ വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ കീഴിൽ കലാകാരൻമാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അവശ കലാകാരൻമാർ-നമ്മുടെ സമൂഹത്തിൽ ഒരു കാലഘട്ടത്തിൽ കൈരളിക്ക് ഏറ്റവും വിലപ്പെട്ട സംഭാവനകൾ നൽകിയവർ-ഇന്ന് വാർദ്ധക്യം വന്ന് ഒന്നും ചെയ്യാൻ കഴിയാത്ത എത്രയോ കലാകാരൻമാർ നമ്മുടെ നാട്ടിൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് അവരുടെ ക്ഷേമത്തിനു വേണ്ടിയിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ : ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സംയോജനമാണ് മെയിൻ ചോദ്യം, മറുപടി പറയുന്നുണ്ടെങ്കിൽ പറയൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, അവശകലാകാരൻമാർക്ക് സർക്കാർ പ്രതിമാസം 400 രൂപ വീതം പെൻഷൻ കൊടുക്കുന്നുണ്ട്, 1500 പേർക്ക് കൊടുക്കുന്നുണ്ട്. 1000 രൂപാ വച്ചാണ് സിനിമാ ലോകത്തെ ആളുകൾക്ക് കൊടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം കെ. സി. വേണുഗോപാൽ ചോദിച്ചതുപോലെ വളരെയധികം അവശത അനുഭവിക്കുന്ന ധാരാളം കലാകാരൻമാർ കേരളത്തിൽ ഉണ്ട്. അതുകൊണ്ട് അവരുടെ ക്ഷേമത്തിന് വേണ്ടിയുള്ള ഒരു ക്ഷേമനിധി ഉണ്ടാക്കുന്നതിനുള്ള സജീവശ്രമത്തിലാണ് സർക്കാർ.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്ന ഒരു പ്രഖ്യാപനം നടത്തി ഒരു ജനവിഭാഗത്തിന്റെ പോരാട്ടത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന മഹത്തായ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുകയും ചെയ്ത നവോത്ഥാന നായകനും എഴുത്തുകാരനുമായ വി. ടി. ഭട്ടതിരിപ്പാടിന് അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ഒരു സ്മാരകം പണിയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? അദ്ദേഹത്തെക്കുറിച്ച് നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രിക്ക് വളരെ കൂടുതൽ അറിയാം.

ശ്രീ. ജി. കാർത്തികേയൻ: സർ, മേഴത്തൂർ ഗ്രാമം സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച സ്ഥലങ്ങളിൽ ഒന്നുതന്നെയാണ്. അവിടെ ശ്രീ. ചന്ദ്രന്റെയെല്ലാം നേതൃത്വത്തിൽ നാട്ടുകാരുടെയെല്ലാം ശ്രമം ഉണ്ടായാൽ ഗവൺമെന്റ് കൂടി അതിൽ ഒരു പങ്കാളിയാകാം എന്നുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ഒരുപാടു സ്മാരകങ്ങൾ.....സർക്കാരിന് നേരിട്ട് സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. ഡി. മുസ്തഫ : സർ, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ സംയോജിപ്പിക്കാൻ ഒരു സാംസ്കാരിക ഡയറക്ടറേറ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സംസ്കാരം എന്ന മഹത്തായ പദത്തിന്റെ പേരിൽ നടത്തുന്ന ഈ കോലാഹലങ്ങൾ കൾച്ചറൽ പ്രോഗ്രാംസ്, സാംസ്കാരിക സംഘടനകൾ നടത്തുന്ന സാംസ്കാരിക സമ്മേളനങ്ങൾ ഇതൊക്കെയൊന്നു നിയന്ത്രിക്കാനുള്ള അല്ലെങ്കിൽ ഇവയ്ക്ക് ബാധകമായ നോംസ് കൊണ്ടുവരാനുള്ള സംവിധാനവും ഈ ഡയറക്ടറേറ്റിന്റെ കീഴിൽ വരുത്താൻ സാദ്ധ്യമാണോ?

ശ്രീ. ജി. കാർത്തികേയൻ : സർ, സംസ്കാരത്തിന്റെ പേരിൽ നടക്കുന്ന പരിപാടികൾ എങ്ങനെ നിയന്ത്രിക്കാൻ കഴിയും? പുതിയ പുതിയ സാംസ്കാരിക പരിപാടികൾ രംഗത്തു വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നൃത്തത്തിന്റെ രൂപത്തിൽ സിനിമാറ്റിക് ഡാൻസ് വരുന്നു, ബ്രേക്ക് ഡാൻസ് വരുന്നു, സംഗീതത്തിൽ സ്പീഡ് വരുന്നു. ശുദ്ധമായ നാടകം മാറി മറ്റു പലതും വരുന്നു. ഇതൊക്കെ ഏതുതരത്തിൽ അവതരിപ്പിക്കണം എന്നുപറയാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. ആസ്വദിക്കുന്ന ജനങ്ങൾ ആസ്വാദക സ്വഭാവം മാറ്റണം. അവതരിപ്പിക്കുന്ന കലാകാരൻമാർ അവരുടെ സമീപനം മാറ്റണം എന്നല്ലാതെ ഗവൺമെന്റിന് ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആളുകളുടെ ആസ്വാദന മേഖലയിലേക്കും ആവിഷ്കാര സ്വാതന്ത്ര്യത്തിലേക്കും കടന്നുചെല്ലാൻ സാദ്ധ്യമല്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിൽ ഗവൺമെന്റിന് ഇടപെടാൻ സാദ്ധ്യമല്ല.

പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്താൻ നടപടി

*2 [62] ശ്രീ. ടി. പി. എം. സാഹിർ :
,, സി. മോയിൻകുട്ടി :
,, യു. സി. രാമൻ :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ ഇവിടത്തെ ആവശ്യത്തിന് മതിയാകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കുറവ് പരിഹരിക്കാൻ എത്ര പാൽ കൂടുതലായി ഉല്പാദിപ്പിക്കണം;

(സി) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly